## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3886–31/01/2014 –ലെ മറുപടിക്ക്

പലിശ, പിഴപ്പലിശ എന്നിവ കണക്കാക്കുന്ന നിരക്ക് നിശ്ചയിക്കുന്നതിന് മാനദണ്ഡം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ . എം. ഉമ്മർ | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്നവർക്കും കുടിശ്ശിക വരുത്തുന്നവർക്കും പലിശ, പിഴപ്പലിശ എന്നിവ കണക്കാക്കുന്ന നിരക്ക് നിശ്ചയിക്കുന്നതു ഏതു മാനദണ്ഡ പ്രകാരമാണ്; വിശദമാക്കാമോ; | ഇത് സംബന്ധിച്ച് പൊതുവായ മാനദണ്ഡങ്ങളൊന്നും സർക്കാർ തലത്തിൽ നിശ്ചയിച്ചിട്ടില്ല. അതാത് സ്ഥാപനങ്ങൾ തങ്ങൾക്ക് ലഭ്യമാകുന്ന വായ്പ / നിക്ഷേപത്തിന്റെ പലിശ, മറ്റ് അനുബന്ധ ചെലവുകൾ, സ്ഥാപനത്തിന് ലഭിക്കേണ്ടതായ വരുമാനം, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ കാലകാലങ്ങളിൽ പലിശ സംബന്ധിച്ച് സ്വീകരിക്കുന്ന നിലപാട് എന്നിവയുടെ അടിസ്ഥാനത്തിലാണ് വായ്പകൾക്ക് നല്കേണ്ടുന്ന പലിശ നിശ്ചയിക്കുന്നത് |
| (ബി) | ആയതു സംബന്ധിച്ച് ഏതെങ്കിലും ഏകീകൃത നിയമം നിലവിലുണ്ടോ; വ്യക്തമാക്കാമോ ; | ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ തലത്തിൽ പൊതുവായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. |
| (സി) | വായ്പ കുടിശ്ശിക വരുത്തിയവർക്ക്, ലഭിച്ച വായ്പയുടെ ഇരട്ടി തുക തിരികെ അടച്ചാൽ ബാധ്യതയിൽ നിന്നൊഴിവാകുമെന്ന വ്യവസ്ഥ നിലവിലുണ്ടോ; | കേരള ധനകാര്യ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് തുടങ്ങിയ സ്ഥാപനങ്ങളിൽ ചില മാനദണ്ഡങ്ങൾക്ക് വിധേയമായി വായ്പയുടെ ഇരട്ടിത്തുക അടച്ചാൽ ബാധ്യതയിൽ നിന്ന് ഒഴിവാക്കി കൊടുക്കാറുണ്ട്. |
| (ഡി) | എങ്കിൽ അത് വിവിധ സ്ഥാപനങ്ങൾ ശരിയായി നടപ്പിലാക്കുന്നുണ്ടോ ; ആയതിന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ? | ഇപ്രകാരം ഒരു മോണിറ്ററിംഗ് സമ്പ്രദായം സർക്കാർ തലത്തിൽ നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ